15-07-2022

FRIDAY വെള്ളിയാഴ്ച്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor : Suraj S    Editor : Dr Asha T T



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-15/07/2022.

1. പി എം കിസാൻ സമ്മാൻനിധിയിൽ അംഗമായിട്ടുള്ള ഗുണഭോക്താക്കൾ അവരവരുടെ ഭൂമി സംബന്ധമായ വിവരങ്ങൾ AIMS പോർട്ടൽ വഴി RELIS Platform – ന്റെ സഹായത്തോടുകൂടി പരിശോധിച്ച് ഉറപ്പിച്ചശേഷം സമർപ്പിക്കേണ്ടതാണ്. ഈ ഡേറ്റ ഉദ്യോഗസ്ഥർ പരിശോധിക്കുകയും പി എം കിസാൻ ഡേറ്റാബേസിലേക്കും ദേശീയ കർഷക ഡേറ്റാബേസിലേക്കും നൽകുന്നു. കർഷകർ വസ്തുവിന്റെ കരം അടച്ച രസീത്, ആധാറിന്റെ പകർപ്പ്, മൊബൈൽ ഫോൺ എന്നിവയുമായി അടുത്തുള്ള അക്ഷയ കേന്ദ്രങ്ങൾ, ജനസേവന കേന്ദ്രങ്ങൾ എന്നിവ മുഖേന ഭൂമി സംബന്ധമായ വിവരങ്ങൾ ഈ മാസം 20-ന് മുമ്പായി പോർട്ടലിൽ ചേർക്കേണ്ടതാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ആനുകൂല്യങ്ങൾ തുടർന്ന് ലഭിക്കുന്നതിന് ഇത് അനിവാര്യമാണ്. പി എം കിസാൻ ഗുണഭോക്താക്കൾ ekyc പൂർത്തിയാക്കേണ്ട കാലാവധി ജൂലൈ 31 വരെ ദീർഘിപ്പിച്ചിട്ടുള്ളതായി തിരുവനന്തപുരം പ്രിൻസിപ്പൽകൃഷി ഓഫീസർ അറിയിക്കുന്നു

2. കേരള കർഷക ക്ഷേമനിധി ബോർഡ് അംഗത്വ രജിസ്ട്രേഷൻ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി ജില്ലാതല ബോധവൽക്കരണ പരിപാടിയും സൗജന്യ അംഗത്വ രജിസ്ട്രേഷൻ ക്യാമ്പയിനും നാളെ (16.07.2022 ന് ) രാവിലെ 9 മണിക്ക് നന്മണ്ട എ.യു.പി. സ്കൂളിൽ വച്ച് നടത്തുന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീജ ശശിയുടെ അധ്യക്ഷതയിൽ ചേരുന്ന പരിപാടി വനം വന്യജീവി വകുപ്പ് മന്ത്രി എ. കെ.ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് നന്മണ്ട കൃഷിഭവനുമായി ബന്ധപ്പെടേണ്ടതാണ്.

3. കൃഷി വിജ്ഞാന കേന്ദ്രം തൃശ്ശൂരിൽ വാഴ, പച്ചക്കറി, നെല്ല് എന്നിവയിൽ ഉപയോഗിക്കാവുന്ന സമ്പൂർണ്ണ സൂക്ഷ്മമൂലകക്കൂട്ട്, ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച ജൈവവളം, വാഴയുടെ ദ്വിതീയ സൂക്ഷ്മ മിശ്രിതക്കൂട്ടായ അയർ, കൂൺ വിത്തുകൾ, മരച്ചീനിയിൽ നിന്ന് ഉത്പാദിപ്പിക്കുന്ന ജൈവ കീട നിയന്ത്രണ ഉപാധികളായ നന്മ,മേന്മ, ശ്രേയ എന്നിവയും ബി.വി 380 ഇനത്തിലെ കോഴിക്കുഞ്ഞുങ്ങൾ ,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പച്ചക്കറി വിത്തുകൾ, മുന്തിയ ഇനം ഫലവൃക്ഷ തൈകൾ എന്നിവയും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9400483754** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

4. കേരള കാർഷിക സർവകലാശാലയിലെ ബയോടെക്നോളജി വിഭാഗത്തിൽ വിവിധയിനം തൈകളും അലങ്കാരചെടികളും വിൽപ്പനയ്ക്ക്. മുന്തിയ ഇനം **സുവാസിനി** ഇനത്തിൽപ്പെട്ട കറിവേപ്പ്, **പന്നിയൂർ കുരുമുളക്, ആന്തൂറിയം ചെറുത്** എന്നിവയുടെ തൈകൾ കൂടാതെ **കറിവേപ്പ്, വാരിഗേറ്റഡ് ബൊഗൈൻവില്ല, ഗോൾഡൻ പോത്തോസ്, അലോവെര റെഡ്** എന്നിവയുടെ ടിഷ്യുക്കൾച്ചർ തൈകളും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9048178101, 8086413467 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക

5. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കുടപ്പനക്കുന്ന് ബ്രോയിലർ ബ്രീഡർ ഫാമിലെ മുട്ടയുൽപാദനം കഴിഞ്ഞതും ഏകദേശം 4.5 കിലോ ഭാരമുള്ളതുമായ മാതൃപിതൃ ശേഖരത്തിൽപ്പെട്ട കോഴികളെ 90 രൂപ നിരക്കിൽ സ്റ്റോക്ക് തീരുന്നതു വരെ ദിവസവും രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി വരെ വിൽപ്പനയ്ക്കായി തയ്യാറായിട്ടുണ്ടെന്ന് മാനേജിംഗ് ഡയറക്ടർ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **9495000914** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

6. റബ്ബറിന് വളമിടുന്നതിൽ റബ്ബർബോർഡ് ഓൺലൈൻ പരിശീലനം നടത്തുന്നു. **ജൂലൈ 20-ന് ഉച്ചയ്ക്ക്** 2.30 **മുതൽ വൈകിട്ട്** 4.30 വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

7. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ വച്ച് **ഈ മാസം 18, 19 തീയതികളിൽ ഇറച്ചിക്കോഴി വളർത്തൽ, 20, 21 തീയതികളിൽ മുട്ടക്കോഴി വളർത്തൽ, 22, 23 തീയതികളിൽ ആട് വളർത്തൽ** തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ **0479 2452277, 0479 2457778** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. കോഴിക്കോട് ജില്ല ക്ഷീര പരിശീലന കേന്ദ്രത്തിൽ വെച്ച് ഈ മാസം 22, 23 (ജൂലൈ 22,23) തീയതികളിൽ **ശുദ്ധമായ പാലുൽപ്പാദനം** എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തുന്നു പ്രവേശനീസ് 20 രൂപ. ആധാർ കാർഡിന്റെ പകർപ്പ് ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. താൽപര്യമുള്ളവർ ഈ മാസം 18-ന് വൈകുന്നേരം 5 മണിക്ക് മുൻപായി dd-dtc-kkd.dairy@kerala.gov.in എന്ന ഇമെയിൽ വിലാസത്തിലോ **0495 2414579** എന്ന ഫോൺ നമ്പർ മുഖാന്തരമോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. വലിയതുറ തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ വച്ച് **തീറ്റപ്പുൽകൃഷിയും, അസോള, ഹൈഡ്രോപോണിക്സ്, സൈലേജ് നിർമ്മാണം** തുടങ്ങിയ വിഷയങ്ങളിൽ പ്രായോഗിക പരിശീലനം ഉൾപ്പെടെ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ ഇന്ന് (ജൂലൈ 15) വൈകുന്നേരം 5 മണിയ്ക്ക് മുമ്പ് **0471-2501706** എന്ന ഫോൺ നമ്പരിലോ, **8078599881, 9400831831** എന്നീ വാട്ട്സാപ്പ് നമ്പർ മുഖേനയോ, sfftraining2021@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ അവരുടെ പേര്, മേൽവിലാസം എന്നിവ അറിയിക്കേണ്ടതാണ്. 30 പേര് തികയുന്ന സാഹചര്യത്തിൽ പരിശീലന തീയതി, സമയം എന്നിവ നേരിട്ട് വിളിച്ചറിയിക്കുന്നതാണ്.

10. **കൊല്ലം ജില്ലയിലെ സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന ഡിസ്ട്രിക്ട് അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

- മഴയെ തുടർന്ന് കുരുമുളക്, തെങ്ങ്, പപ്പായ തുടങ്ങിയ വിളകളിൽ ഫൈറ്റോഫ്ത്തോറ മൂലമുള്ള രോഗങ്ങൾ വരാൻ സാധ്യതയുള്ളതിനാൽ മുൻകരുതലായി ശരിയായ നീർവാർച്ചാ സൗകര്യം ഒരുക്കുന്നതോടൊപ്പം മഴ കുറഞ്ഞ് നിൽക്കുന്ന സമയത്ത് 1 % വീര്യമുള്ള ബോർഡോ മിശ്രിതം പശ കൂട്ടിച്ചേർത്ത് തളിക്കുക. ഏറ്റവും വില കുറഞ്ഞതും ഫലപ്രദവുമായ പശയാണ് റോസിൻ - വാഷിംഗ് സോഡാ മിശ്രിതം.

- പയറിലെ മുഞ്ഞയുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി രക്ഷ 6 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കുക അല്ലെങ്കിൽ വേപ്പിൻ സോപ്പ് 10 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ റോഗർ 1.5 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കുക